ഖാദി ബോർഡിലെ ഉദ്യോഗസ്ഥരുടെ നിയമനം

136 [859] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഖാദി ബോർഡിൽ നിന്നും ഓരോ തസ്തികയിലും എത്ര ഉദ്യോഗസ്ഥർ വീതം പെൻഷനായി എന്നും ഓരോ തസ്തികയിലും എത്ര പേർക്ക് പ്രൊമോഷൻ മുഖേനയും പുതിയതായും നിയമനം നൽകിയെന്നും വെളിപ്പെടുത്തുമോ;

(ബി) ഖാദി ബോർഡിൽ കീപ്പിംഗ് ഫീൽഡ് വർക്കർ തസ്തികയിലേക്ക് നിയമനം നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടന്നിട്ട് എത്ര കാലമായെന്ന് വെളിപ്പെടുത്തുമോ; എത്ര ഒഴിവുകൾ നിലവിലുണ്ട് എന്നും ആയത് നികത്താൻ എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്നും ഓരോ തസ്തികയിലും പെൻഷൻ ആയവരുടേയും പ്രൊമോഷൻ ലഭിച്ചവരുടേയും പുതിയതായി നിയമനം ലഭിച്ചവരുടേയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ബി) ബി-കീപ്പിംഗ് ഫീൽഡ്മാൻ തസ്തികയിലേക്ക് സീനിയർ ഗ്രേഡ് പ്യൂൺ/വാച്ച്മാൻ/അറ്റന്റർ/ബോയ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽനിന്നും ഏഴാം സ്റ്റാൻഡേർഡ് പാസ്സായവരും ഖാദി കമ്മീഷന്റെയോ ഖാദി ബോർഡിന്റെയോ അംഗീകൃത സ്ഥാപനങ്ങൾ നടത്തുന്ന ബി-കീപ്പിംഗ് ട്രെയിനിംഗ് നേടിയവരും ആയ ഉദ്യോഗസ്ഥരെ പ്രൊമോഷൻ വഴി നിയമിക്കാം. പ്രൊമോഷന് യോഗ്യരായവരുടെ അഭാവത്തിൽ എസ്.എസ്.എൽ.സി. പാസ്സായവരും ബി-കീപ്പിംഗ് ട്രെയിനിംഗ് നേടിയവരും 18-35 പ്രായപരിധിയിൽ പെടുന്നവരും ആയ ഉദ്യോഗാർത്ഥികളെ പി.എസ്.സി. വഴി തെരഞ്ഞെടുത്ത് നിയമനം നൽകുന്നു.

(സി) പ്രസ്തുത തസ്തികയിൽ 1-3-2001-ന് ശേഷം നിയമനം നടന്നിട്ടില്ല. ഈ തസ്തികയിൽ ഇപ്പോൾ 5 ഒഴിവുകൾ നിലവിൽ ഉണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിനായി ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിലുള്ള ജീവനക്കാരെ ബി-കീപ്പിംഗ് പരിശീലനത്തിന് അയയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly